Spl. Messenger

കേരള സർക്കാർ

സംഗ്രഹം

ദിവസ വേതനാടിസ്ഥാനത്തിൽ മന്ത്രി കാര്യാലയങ്ങളിൽ പ്രവൃത്തിയെടുക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക പ്രതിഫലം വർദ്ധിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (വ്യയം - സി) വകുപ്പ്**

സ.ഉ.(എം.എസ്)നം. 377/13/ധന. തീയതി, തിരുവനന്തപുരം,03/08/2013.

പരാമർശം: 27.11.2008-ലെ ജി.ഒ(എം.എസ്)നം.532/08/ധന.

## ഉത്തരവ്

മേൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും കാര്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ പ്രവൃത്തിയെടുക്കുന്ന ഡ്രൈവർമാർക്ക് അനുവദിക്കപ്പെട്ട അസംബ്ളി അലവൻസ് (പ്രതിദിനം 100 രൂപ) നിയമസഭാ സമ്മേളനം നടക്കുമ്പോൾ നിയമസഭാ ചുമതല നിർവ്വഹിക്കുന്നവർക്കും, പ്രത്യേക പ്രതിഫലം (പ്രതിമാസം പരമാവധി 1000 രൂപ എന്ന പരിധിക്ക് വിധേയമായി പ്രതിദിനം 50 രൂപ) നിയമസഭാ സമ്മേളന കാലയളവ് ഒഴികെയുള്ള ദിവസങ്ങളിൽ രാത്രി 8 മണിക്ക് ശേഷം പ്രവൃത്തിയെടുക്കുന്നവർക്കുമായി നിർണ്ണയിച്ച് ഉത്തരവായിരുന്നു.

2) സമയ ക്ളിപ്തതയില്ലാതെ ജോലി ചെയ്യുന്ന ഈ വിഭാഗത്തിന് വേതനം വർദ്ധിപ്പിക്കണം എന്ന നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയും, അതിൻ പ്രകാരം മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും കാര്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ പ്രവൃത്തിയെടുക്കുന്ന ഡ്രൈവർമാർക്ക് പരാമർശത്തിലെ ഉത്തരവിൻ പ്രകാരം അനുവദിക്കപ്പെട്ട പ്രത്യേക പ്രതിഫലം, നിയമസഭാ സമ്മേളന കാലയളവ് ഒഴികെയുള്ള ദിവസങ്ങളിൽ രാത്രി 8 മണിക്ക് ശേഷം പ്രവൃത്തിയെടുക്കുന്നവർക്ക് പ്രതിമാസം 1250/- എന്ന പരിധിക്ക് വിധേയമായി പ്രതിദിനം 70/- രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**രാജേഷ്കുമാർ സിൻഹ,**
**ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി.**

To

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള,
തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

(P.T.O)

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ട്രഷറിഡയറക്ടർ, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റുമന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പൊതുഭരണ (സർവ്വീസസ്എച്ച്/അക്കൗണ്ട്സ്) വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
ധനകാര്യ (ഭരണം എ/അക്കൗണ്ട്സ് എ/ബി) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ